# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3413 23/06/2014-ൽ മറുപടിയ്ക്ക്**

## ഫിർമയുടെ പോളവാരൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തോമസ് ചാണ്ടി:** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന നടപ്പിലാക്കിയ പോളവാരൽ പദ്ധതിയിലെ പ്രവർത്തനങ്ങൾക്ക് നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര രൂപാ വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | (എ) ഓരോ വർഷവും വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ താഴെകൊടുക്കുന്നു. (മുൻ വർഷങ്ങളിൽ നിർവ്വഹിച്ച ജോലിക്ക് തുടർന്നുവരുന്ന വർഷങ്ങളിൽ വിതരണം ചെയ്ത തുക സംബന്ധിച്ച വിവരങ്ങൾ വിതരണം ചെയ്ത വർഷത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്) |

| വർഷം | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 2010-11 | യന്ത്രം ഉപയോഗിച്ചുള്ള പോളവാരൽ | 97,73,294 * |
| | വെർമി കമ്പോസ്റ്റ് ട്രെയിനിംഗ് | 3,50,000 |
| | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 3,30,000 |
| | മറ്റുള്ളവ | 5,58,154 |
| | **ആകെ** | **110,11,448** |
| 2011-12 | യന്ത്രം ഉപയോഗിച്ചുള്ള പോളവാരൽ | 575,98,938 * |
| | വെർമി കമ്പോസ്റ്റ് ട്രെയിനിംഗ് | 24,225 |
| | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 4,20,000 |
| | ബയോഗ്യാസ് പ്ലാന്റ് | 29,36,490 |
| | മറ്റുള്ളവ | 3,41,208 |
| | **ആകെ** | **613,20,861** |
| 2012-13 | യന്ത്രം ഉപയോഗിച്ചുള്ള പോളവാരൽ | 2,96,78,167 |
| | വെർമി കമ്പോസ്റ്റ് ട്രെയിനിംഗ് | 27,675 |
| | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 8,06,000 |
| | ബയോഗ്യാസ് പ്ലാന്റ് | 7,50,000 |
| | മറ്റുള്ളവ | 31,56,416 |
| | **ആകെ** | **3,44,18,258** |
| 2013-14 | യന്ത്രം ഉപയോഗിച്ചുള്ള പോളവാരൽ | 3,36,76,156 |
| | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 8,24,000 |
| | മറ്റുള്ളവ | 8,72,147 |
| | **ആകെ** | **3,53,72,303** |
| 2014-15 | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 1,04,000 |
| | മറ്റുള്ളവ | 69,000 |
| | **ആകെ** | **1,73,000** |

*റീടെൻഷൻ ഉൾപ്പെടെ

| | | | |
|---|---|---|---|
| (ബി) | ഫിർമയുടെ പോളവാരൽ പദ്ധതി കാലാവധി 2014 ജൂൺ 29-ന് പൂർത്തീകരിക്കുന്നതിനാൽ പുതിയ പദ്ധതി അംഗീകാരത്തിനായി ഫിർമ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഫിർമ പുതിയ പദ്ധതി തയ്യാറാക്കിയെങ്കിലും ആയതിൽ ഭേദഗതികൾ ആവശ്യമുണ്ടെന്ന് കൃഷി (പി.പി.എം സെൽ) വകുപ്പ് നിർദ്ദേശിച്ചതിൻപ്രകാരം ആവശ്യമായ മാറ്റങ്ങളോടെ പുതിയ പദ്ധതി ഫിർമ തയ്യാറാക്കി വരുന്നു. |
| (സി) | ഇത്തരത്തിൽ വാരുന്ന പോളയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ: | (സി) | വെർമികമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി 175 യൂണിറ്റുകൾ സ്ഥാപിച്ചു. പോള ഉപയോഗിച്ച് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനായി കോട്ടയം കോടിമതയിൽ ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. |
| (ഡി) | പോള വാരുന്നതിന്റെ കണക്ക് നേരത്തേ ഉണ്ടായിരുന്നതിൽ നിന്നും എത്രമാത്രം പോള വെള്ളത്തിൽ കുറവുണ്ടായി എന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന രീതിയെക്കുറിച്ചും ജലാശയങ്ങളിൽ എത്ര മെഷീനുകൾ ഉപയോഗിക്കുന്നു എന്നതിന്റെ കണക്കുകൾ സൂക്ഷിക്കാത്തതിനെക്കുറിച്ചും ആരെങ്കിലും പരാതിയോ, ആക്ഷേപങ്ങളോ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്, പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ആഫീസർ